"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊതുസ്ഥലംമാറ്റം 2024 - ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട അപ്പീലുകൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് അപ്പീൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1871/2024/LSGD തീയതി,തിരുവനന്തപുരം, 08-10-2024**

---

പരാമർശം:- സ.ഉ. (കൈ)നം. 46/2024/LSGD തീയതി, 16/03/2024.

**ഉത്തരവ്**

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ സർക്കാർ/പ്രിൻസിപ്പൽ ഡയറക്ടർ/ജില്ലാ മേധാവി നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കാലികമാക്കി പുതുക്കിക്കൊണ്ട് പരാമർശ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രിൻസിപ്പൽ ഡയറക്ടർ നടത്തുന്ന സ്ഥലംമാറ്റങ്ങൾക്കെതിരെയുള്ള അപ്പീലുകൾ സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്നും സോഫ്റ്റ് വെയർ മുഖേന നടത്തുന്ന പൊതുസ്ഥലംമാറ്റ ഉത്തരവുകളിൽമേലുള്ള അപ്പീലും സോഫ്റ്റ് വെയർ മുഖേന സമർപ്പിക്കേണ്ടതാണെന്നും അപ്രകാരം തന്നെ തീർപ്പാക്കേണ്ടതുമാണെന്നും യഥാക്രമം ടി ഉത്തരവിന്റെ Clause 13(ബി) (സി) എന്നിവ പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു. അന്തിമ സ്ഥലംമാറ്റ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം അപ്പീൽ സമർപ്പിക്കേണ്ടതും ആക്ഷേപങ്ങളും അപ്പീലുകളും സമർപ്പിക്കേണ്ട അവസാന തീയതി മുതൽ 15 ദിവസത്തിനകം ആക്ഷേപങ്ങളും 21 ദിവസത്തിനകം അപ്പീലുകളും തീർപ്പാക്കേണ്ടതുമാണ്.

പ്രസ്തുത സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട അപ്പീലുകൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് അഡീഷണൽ സെക്രട്ടറി 1 (ചെയർമാൻ), അഡീഷണൽ സെക്രട്ടറി II, ജോയിന്റ് സെക്രട്ടറി 2 (കൺവീനർ) എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് അപ്പീൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത.കെ.എസ്.**

**അഡിഷണൽ സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/സെക്ഷനുകൾക്കും.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (LSGD-ERA1/128/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 09-10-2024 14:53:46

സെക്ഷൻ ഓഫീസർ